I കുഞ്ഞിമുഹമ്മദ് വളാഞ്ചേരി

# സ്വർഗപാതയിലെ കടമ്പകൾ

عَنْ أَنس بن مَالِك قَالَ : تُوفِي رَجُلٌ مِنَ الصَّحَابَةِ ، فَقَالَ رَجُلٌ : أَبْشِرْ بِالْجَنَّةِ،
فَقَالَ رَسُولَ الله ﷺ :أَوَلاَ تَدْرِي، فَلَعَلَّهُ تَكَلَّمَ فِيمَا لاَ يَعْنِيهِ ، أَوْ بَخِلَ بِمَا لاَ يَنْقُصُهُ

**അനസി(റ)ൽനിന്ന് നിവേദനം. അദ്ദേഹം പ്രസ്താവിച്ചു: സ്വഹാബികളിൽ പെട്ട ഒരാൾ നിര്യാതനായി. അപ്പോൾ മറ്റൊരാൾ അദ്ദേഹത്തെ അനുമോദിച്ചുകൊണ്ട് പറഞ്ഞു: "സ്വർഗ പ്രവേശനം കൊണ്ട് സന്തുഷ്ടനാകൂ." അപ്പോൾ റസൂൽ(സ) പറഞ്ഞു: "താങ്കൾക്കറിഞ്ഞുകൂടേ, പരേതൻ ആവശ്യമില്ലാത്ത കാര്യങ്ങളിൽ സംസാരിച്ചിട്ടുണ്ടായിരുന്നെങ്കിലോ, അല്ലെങ്കിൽ തനിക്കൊരു ചെലവുമുണ്ടാക്കാത്ത കാര്യത്തിൽ പിശുക്ക് കാണിച്ചിരുന്നുവെങ്കിലോ."** (അൽബാനി)

**ഇസ്‌ലാമിലെ** നിർബന്ധ കർമങ്ങൾ അനുഷ്ഠിക്കുന്നതിൽ കണിശത പാലിച്ചും നിഷിദ്ധങ്ങൾ വർജിച്ചും ജീവിക്കുമ്പോൾ തന്നെ മുസ്‌ലിംകളിൽ ചിലർ അജ്ഞതയോ അശ്രദ്ധയോ കാരണമായി സ്വർഗം നഷ്ടപ്പെടാവുന്ന ചതിക്കുഴികളിൽ പെട്ടുപോകാനിടയുണ്ട്. അനാവശ്യ കാര്യങ്ങളിലും സംസാരങ്ങളിലുമിടപെട്ട് സമയം പാഴാക്കൽ, തനിക്ക് ദോഷമേൽപിക്കാത്തതും എന്നാൽ പരലോകഗുണം ലഭിക്കുന്നതുമായ ചില നന്മകൾ അവഗണിച്ചു തള്ളൽ എന്നിവ ഇക്കൂട്ടത്തിൽ പെടുമെന്ന് പഠിപ്പിക്കുകയാണ് പ്രവാചകൻ(സ).

പലരും ഗൗരവമായെടുക്കാത്തതും ഗുരുതരമായി കാണാത്തതും എന്നാൽ സ്വർഗം നഷ്ടപ്പെടാനിടവരുന്നതുമായ കാര്യങ്ങളാണവ. നബി പത്നി ആഇശ(റ) പറയുകയുണ്ടായി: "ചെറു ദോഷങ്ങളോ അപ്രസക്തങ്ങളോ ആയി ചിലർ ധരിച്ചുവശായ കാര്യങ്ങൾ ഗുരുതരവും ഭീതിദവുമായാണ് നബി(സ)യുടെ കാലത്ത് ഞങ്ങൾ ഗണിച്ചു പോന്നത്."

അനാവശ്യങ്ങളിൽ ഇടപെട്ടു സമയം തുലക്കാൻ യഥാർഥ മുസ്‌ലിംകൾക്കാവില്ല. ഈമാൻ ഹൃദയത്തിൽ വേരൂന്നിയതിന്റെ ലക്ഷണമാണത്. ഹസൻ(സ) പ്രസ്താവിച്ചു: "ആരിൽ നിന്നെങ്കിലും അല്ലാഹു മുഖം തിരിച്ചുകളയുന്നുവെങ്കിൽ അയാൾ അനാവശ്യകാര്യങ്ങളിലും സംസാരങ്ങളിലും ഇടപഴകുമ്പോഴായിരിക്കുമത്." വ്യർഥകാര്യങ്ങളിൽനിന്ന് വിട്ടുനിൽക്കുന്നവർ സ്വർഗാവകാശികളാണെന്ന് ഖുർആനിൽ കാണാം.

സ്വർഗപ്രവേശനത്തന് തടസ്സമായി നിൽക്കുന്ന മറ്റൊരു കാര്യമാണ് തനിക്ക് നഷ്ടമോ അധ്വാനമോ ചെലവോ ഇല്ലാത്ത നല്ല കാര്യങ്ങളെ വൃഥാ അവഗണിച്ചു തള്ളൽ. ചില ഉദാഹരണങ്ങൾ: നമസ്കാരസമയത്ത് പള്ളിയിൽ കാരണവശാൽ മുഅദ്ദിൻ ഇല്ലാതാകുമ്പോൾ നമസ്കാരത്തിനായി അവിടെ എത്തിച്ചേർന്നവരിൽ ആർക്കും നിർവഹിക്കാവുന്നതാണ് ബാങ്ക് വിളി. അത് പക്ഷേ തങ്ങളുടെ ബാധ്യതയല്ലാത്തതിനാൽ ആരും അതിന് മുതിരാതിരിക്കുക, ഇസ്‌ലാമുമായി ബന്ധപ്പെട്ട അനുഷ്ഠാനപരമോ മറ്റോ ആയ ഒരു കാര്യത്തിൽ പ്രതിവിധിയുണ്ടാക്കാനോ ഇമാമത്ത് നിർവഹിക്കാനോ ഖുർആൻ പാരായണം ചെയ്യാനോ ചൊല്ലിക്കൊടുക്കാനോ പ്രാപ്തിയുള്ള ഒരു പണ്ഡിതൻ സ്ഥലത്തുണ്ടായിട്ടും അയാൾ വിഷയത്തിൽ നിസ്സഹകരിക്കുക, ഏതെങ്കിലും മുസ്‌ലിമുമായോ അമുസ്‌ലിമുമായോ ഫലപ്രദവും അനിവാര്യവുമായ ഒരു വിഷയത്തിൽ സംഭാഷണം നടത്താൻ സാഹചര്യം ഒത്തുവന്നപ്പോൾ യോഗ്യതയുള്ളവർ യഥാസമയം നിസ്സംഗത പുലർത്തുക, പല യോഗങ്ങളിലും മറ്റു പരിപാടികളിലും സാന്നിധ്യം അനിവാര്യമായ ഒരു വ്യക്തി അത് ഗൗരവമായെടുക്കാതിരിക്കുക, താൻ വായിച്ചുകഴിഞ്ഞതും തനിക്കാവശ്യമില്ലാത്തതുമായ ഒരു പുസ്തകമോ പത്രമോ ആവശ്യപ്പെട്ടവർക്ക് നൽകാതിരിക്കുക- ഇങ്ങനെ പണ്ഡിതന്മാരും ഇസ്‌ലാമിക പ്രവർത്തകരും പൗരപ്രധാനികളും ചിന്താവിഷയമാക്കേണ്ട കാര്യങ്ങൾ ഒട്ടേറെയുണ്ട്. തന്റെ ബാധ്യതയിലോ ടൈംടേബിളിലോ പെട്ടതല്ലെന്ന് കരുതിയോ, ഉദാസീനതയോ അവഗണനയോ നിമിത്തമോ നന്മകളും ബാധ്യതകളും പൂർത്തീകരിക്കപ്പെടാതെ പാഴാക്കപ്പെട്ടുകൂടാ. ■